# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3982** **31.01.2014- ൽ മറുപടിക്ക്**

### പ്രഭുറാം മില്ലിന്റെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എ.അസീസ് | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | 2013-14-ലെ സംസ്ഥാന ബഡ്ജറ്റിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന് എത്ര രൂപ അനുവദിച്ചു; | (എ) | 2013-14-ലെ സംസ്ഥാന ബജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുന:രുദ്ധാരണത്തിനും വൈവിദ്ധ്യ വൽക്കരണത്തിനുമായി വകയിരുത്തിയ 80 കോടി രൂപയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ വിഹിതമായി 491.72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ടെക്സ്റ്റൈൽ കോർപ്പറേഷൻ ഈ സാമ്പത്തികവർഷം സംസ്ഥാനത്തെ ഏതെല്ലാം ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണത്തിനും പ്രവർത്തനത്തിനുമായി എത്ര രൂപ വീതം നൽകി; | (ബി) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് ഈ സാമ്പത്തിക വർഷം അതിന്റെ കീഴിലുള്ള നാലു മില്ലുകളുടെ നവീകരണത്തിനും പ്രവർത്തനത്തിനുമായി 674.75 ലക്ഷം രൂപ നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>(രൂപ ലക്ഷത്തിൽ)<br>പ്രഭുറാം മിൽസ്, ചെങ്ങന്നൂർ — 130.50<br>കോട്ടയം ടെക്സ്റ്റൈൽസ്,ഏറ്റുമാനൂർ — 128.75<br>എടരിക്കോട് ടെക്സ്റ്റൈൽസ്, മലപ്പുറം — 223.00<br>മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കോഴിക്കോട് — 192.50<br>ആകെ — 674.75 |
| (സി) | ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്ന പ്രഭുറാം മിൽസ് ഇപ്പോൾ എത്ര രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്; | (സി) | ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്ന പ്രഭുറാം മിൽസിന്റെ നഷ്ട കണക്കുകൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | (രൂപ ലക്ഷത്തിൽ)<br>2011-12 വരെയുള്ള സഞ്ചിത നഷ്ടം<br>(ആഡിറ്റ് ചെയ്തത്) 1502.89<br>2012-13 വർഷത്തെ നഷ്ടം<br>(ആഡിറ്റ് ചെയ്തത്) 160.00<br>ആകെ 1662.89<br><br>2013-14 സാമ്പത്തിക വർഷത്തിൽ 2013 ഡിസംബർ വരെയുള്ള ഒൻപതു മാസത്തെ ആകെ നഷ്ടം 233.10 ലക്ഷം രൂപയാണ് (ആഡിറ്റ് ചെയ്യാത്തത്) |
| (ഡി) | നഷ്ടം നികത്തി പ്രസ്തുത മില്ല് ലാഭകരമാക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിലുള്ള പ്രഭുറാം മിൽസ് ലാഭകരമാക്കുന്നതിന് സർക്കാർ സ്വീകരിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br><br>1. 2013-14 ബജറ്റിൽ ഉൾപ്പെടുത്തി കെ.എസ്.റ്റി.സി.ക്ക് അനുവദിച്ച 491.72 ലക്ഷം രൂപയിൽ 100.54 ലക്ഷം രൂപ പ്രഭുറാം മിൽസിന്റെ നവീകരണത്തിനും പ്രവർത്തന മൂലധനത്തിനുമായി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>2. 2012-13 സാമ്പത്തിക വർഷത്തിൽ ടെക്സ്റ്റൈൽ മേഖലക്ക് അനുവദിച്ച പ്രത്യേക പാക്കേജായ 60 കോടി രൂപയിൽ, വിതരണം ചെയ്ത 27.60 കോടി രൂപയിൽ 585.50 ലക്ഷം രൂപ കെ.എസ്.റ്റി.സി.ക്ക് പ്രവർത്തന മൂലധനമായി അനുവദിക്കുകയും ടി. തുകയിൽ 81 ലക്ഷം രൂപ പ്രഭുറാം മിൽസിന്റെ പ്രവർത്തന മൂലധനമായി നൽകിയിട്ടുമുണ്ട്.<br>3. കൂടാതെ ടി. 60 കോടി രൂപയിൽ ബാക്കി നൽകാനുള്ള 32.40 കോടി രൂപയിൽ കെ.എസ്.റ്റി.സി.ക്ക് 13.52 കോടി രൂപ പ്രവർത്തന മൂലധനമായി നൽകുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി. 13.52 കോടി രൂപയിൽ ഏകദേശം 374 ലക്ഷം രൂപ പ്രഭുറാം മിൽസിന്റെ പ്രവർത്തന മൂലധനത്തിനായി നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | മില്ലിൽ ഉൽപാദിപ്പിക്കുന്ന നൂലിന് മികച്ച മാർക്കറ്റ് കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ മില്ലുകളിൽ ഉൽപാദിപ്പിക്കുന്ന നൂലിന്റെ ഗുണനിലവാരത്തിനനുസരിച്ചുള്ള മികച്ച വില ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ